# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5157 24.10.2011 - ൽ മറുപടിക്ക്

### വാട്ടർ അതോറിറ്റിയിൽ ആശ്രിത നിയമനം

| ചോദ്യം<br>ശ്രീമതി.കെ.കെ. ലതിക | | മറുപടി<br>ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) കേരള വാട്ടർ ,അതോറിറ്റിയിൽ പാട്ട്ടൈടം സ്വീപ്പർ തസ്തികയിൽ ആശ്രിത നിയമനം ലഭിക്കാനുള്ളവരുടെ പേരുവിവരം സീനിയോറിറ്റി ക്രമത്തിൽ' നൽകമോ; | (എ) | കേരള വാട്ടർ അതോറിറ്റിയിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ആശ്രിത നിയമനം ലഭിക്കുന്നതിനു വേണ്ടി രണ്ട് അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. അവരുടെ പേരു വിവരം സീനിയോറിറ്റി ക്രമത്തിൽ ചുവടെ ചേർക്കുന്നു.<br>1. ശ്രീമതി ആർ വിശ്വമ്മ<br>2. ശ്രീമതി സി. നിർമ്മല |
| (ബി) വാട്ടർ അതോറിറ്റിയിൽ പ്രസ്തുത തസ്തികയിൽ ആശ്രിത നിയമനം നൽകുന്നതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കമോ; | (ബി) | കേരള വാട്ടർ അതോറിറ്റിയിൽ ആശ്രിത നിയമത്തിനായുള്ള അപേക്ഷ, മരണപ്പെട്ടയാൾ അവസാനമായി ജോലി ചെയ്തിരുന്ന ഓഫീസിൽ സമർപ്പിക്കേണ്ടതും തുടർന്ന് മേഖലാ ചീഫ് എഞ്ചിനീയറുടെ അനുമതിയോടെ അതാത് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ടിനായി അയച്ചുകൊടുക്കുന്നതാണ്. തുടർന്ന് ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ ബോർഡിന്റെ അംഗീകാരത്തോടു കൂടി സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കുകയും അംഗീകാരം ലഭിച്ചു കഴിഞ്ഞാൽ ഓരോ തസ്തികയിലും ഉണ്ടാകുന്ന ഒഴിവുകളുടെ ആകെ എണ്ണത്തിന്റെ 5% വീതമാണ് ആശ്രിത നിയമനം നൽകുന്നത്. |
| (സി) 1.1.2007 മുതൽ പ്രസ്തുത തസ്തികയിൽ എത്ര ആശ്രിത നിയമനങ്ങൾ നടത്തിയിട്ടുണ്ട്? | (സി) | 01.01.2007 മുതൽ പ്രസ്തുത തസ്തികയിൽ ഒരാൾക്കു മാത്രമാണ് ആശ്രിത നിയമനം നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ